# GREGORIAN VOICE



**Monthly newsletter of St.Gregorios Jacobite Syrian Orthodox Church, Dublin**

(For private circulation only)

**September 2015**

# ഉപകാരസ്മരണ



"വിശുദ്ധ ദൈവമാതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ"

# പ്രകാശഗോപുരം പോലെയൊരു തലവൻ

കേരള ക്രൈസ്തവ സഭയില് യാക്കോബായ സഭയ്ക്കുള്ള സ്ഥാനം അനിഷേധ്യമാണ്. ഇത്രയധികം വെല്ലുവിളികളെ സമീപ ദശകങ്ങളില് നേരിട്ട മറ്റൊരു സഭയും കേരളത്തില് ഉണ്ടാവില്ല. തീഷ്ണ പാരമ്പര്യത്തില് അടിയുറച്ചു നിലനില്ക്കുന്ന ശക്തമായ പാറയുടെ പിന് ബലം ഉണ്ടായിട്ടും കോടതികളും ഭരണകൂടവും സഭയോട് മമത കാണിക്കാതെ നിന്നപ്പോള് ഒരു പ്രകാശഗോപുരം പോലെ സഭയ്ക്ക് വഴി കാട്ടിയായി പ്രശോഭിക്കുന്ന ശ്രേഷ്ഠ കാതോലിക്ക ആബൂന് മോര് ബസേലിയോസ് തോമസ് പ്രഥമന് ബാവ അയര് ലണ്ടിലെ സഭാ മക്കളോടൊപ്പം 87 മത് പിറന്നാള് ആഘോഷിക്കുകയാണ. സഭയുടെ തലവന് എന്നതിനെക്കാള് സഭയുടെ വത്സലസുതന് എന്നറിയപ്പെടാനാണ് ബാവയ്ക്ക് ഇഷ്ടം.

ഉപവാസവും പ്രാര് ത്ഥനയും നിറഞ്ഞ ജീവിതം. മേല് പ്പട്ട സ്ഥാനത്ത് നാലു പതിറ്റാണ്ടു തികച്ച സമൃദ്ധമായ പരിചയം എല്ലാ വെല്ലുവിളികളെയും അതിജീവിക്കാന് ബാവയ്ക്ക് കരുത്തു പകരുന്നു. സത്യവിശ്വാസവും സഭാ പാരമ്പര്യവും മുറുകെ പ്പിടിച്ച് ദൈവത്തിനും സഭയ്ക്കും വേണ്ടി പൊരുതുകയായിരുന്നു ഓരോ നിമിഷവും ബാവയെന്ന് പറഞ്ഞാല് അതിശമാവില്ല. മഞ്ഞനിക്കര ദയറായിലായിരുന്നു വൈദിക പഠനം. പൗലോസ് മോര് പീലക് സിനോസില് നിന്ന് (പിന്നീട് ശ്രേഷ്ഠ കാതോലിക്ക) 1952ല് കോറൂയോ പട്ടവും, 1957ല് കടമറ്റം പള്ളിയില് ശെമ്മാശ പട്ടവും. പിറ്റേവര് ഷം മഞ്ഞനിക്കരയില് അന്ത്യോഖ്യാ പ്രതിനിധി മോര് യൂലിയോസ് ബാവായില് നിന്നു വൈദിക പട്ടവും. ചെറുവിള്ളി കുടുംബത്തില് നിന്നുള്ള 43മത്തെ വൈദികന് .

രോഗങ്ങളും പ്രയാസങ്ങളും നിറഞ്ഞതായിരുന്നു ബാല്യം. ബോധക്ഷയവും, മറ്റസുഖങ്ങളും തുടര് ച്ചയായി ഉണ്ടായിക്കൊണ്ടിരുന്നു. ഒരിക്കല് രാത്രി രോഗാതുരനായ മകനെയും മടിയില് കിടത്തിക്കൊണ്ട് അമ്മ കുഞ്ഞാമ്മ ദൈവസന്നിധിയില് പ്രാര് ത്ഥിച്ചിരിക്കേ തന്റെ അത്ഭുതത്താല് ആ അമ്മ മകനെ പരിശുദ്ധ ഏലിയാസ് ത്രിതീയന് ബാവായുടെ മദ്ധ്യസ്ഥതയിലൂടെ യേശുവിനു കാഴ്ചയായി സമര് പ്പിച്ചു. മകനെ മലേക്കുരിശില് അടിമയിരുത്തി. ഒരു ദിവസം പെട്ടെന്ന് അവന്റെ രോഗം ഗുരുതരമായി. നാട്ടുകാരും വീട്ടുകാരും അവന് മരിച്ചു പോയേക്കുമെന്നാണ് ഉറപ്പിച്ചതാണ്. രണ്ടു ദിവസത്തിനകം അവന് മരിക്കുമെന്നു കരുതി അവര് രാത്രിയും പകലും ഊഴമിട്ടു മരണം കാത്തിരുന്നു. പക്ഷേ രണ്ടല്ല, നാലു ദിവസം കഴിഞ്ഞു.

മുന്നില് ഒരു പ്രകാശ വലയത്തില് യേശു നില് ക്കുന്നതായി കണ്ടു. പിന്നീട് അവിടെ നടന്നത് അവിശ്വസനീയമായിരുന്നു. എല്ലാവരും കൈയൊഴിഞ്ഞ ശേഷം ബാലന് കണ്ണ് തുറന്നു. ആകെ ഒരുമാറ്റം. ക്രമേണ ബുദ്ധിയും സ്വഭാവരീതിയും മാറി. രോഗം അവനെ വിട്ടുപോയി. തീര് ത്തും രണ്ടാം ജന്മം ശ്രേഷ്ഠ ബാവ പറയുന്നു: മരണത്തിന്റെ താഴ് വരയില് നിന്നും, മരണത്തിന്റെ തണുത്ത ചിറകടി ഒച്ച ഉയര് ന്നു കേട്ട അനുഭവങ്ങളില് നിന്നും സമഗ്രമായ വിമോചനം ദൈവം എനിക്കു നല് കുകയായിരുന്നു. എന്റെ ജന്മത്തിന്റെ മുഴുവന് കടപ്പാടും തമ്പുരാനോടാണ്.

ആറുവര് ഷം ഭവനത്തില് മാതാപിതാക്കളോടൊപ്പം കൃഷിയില് മുഴുകി. വീട്ടില് ധാരാളം ആടുകള് ഉണ്ടായിരുന്നു. മേയ്ക്കുന്ന ഓരോ ആടിനെയും ഞാന് പേര് ചൊല്ലി വിളിക്കുമായിരുന്നു. അവര് വിളി കേട്ടിരുന്നു, ബാവ അനുസ്മരിക്കുന്നു. യാക്കോബായ സഭയുടെ അമരക്കാരന് ആ ശൈലിതന്നെ ഇന്നും പിന്തുടരുകയാണ്. കഠിനാദ്ധ്വാനത്തിന്റെ പകലുകള് ക്കൊപ്പമുള്ള രാത്രികളില് ദൈവത്തോടൊപ്പമായിരിക്കാന് ഇന്നും ശ്രദ്ധിക്കുന്നു. രോഗവും ദാരിദ്ര്യവും ആ ബാലന്റെ വിദ്യാഭ്യാസം തടസപ്പെടുത്തി. നാലാം ക്ലാസില് മൂന്നു തവണ തോറ്റു. അതിനാല് തന്നെ അതിശ്രേഷ്ഠമായ വിദ്യാഭ്യാസം പിന്നീട് കുഞ്ഞൂഞ്ഞിനു കിട്ടിക്കൊണ്ടിരുന്നു. അമ്മയായിരുന്നു ഗുരു. അമ്മ എന്നെ സങ്കീര് ത്തനങ്ങള് ചൊല്ലാന് പഠിപ്പിച്ചു. അധാര് മികമായി ആരുടെയും ഒന്നും എടുക്കാതിരിക്കാന് പഠിപ്പിച്ചു. അധ്വാനിച്ച് നെറ്റിയിലെ വിയര് പ്പുകൊണ്ട് അന്നം തേടാന് പഠിപ്പിച്ചു. ഈ മാതൃപാഠമാണ് കുഞ്ഞൂഞ്ഞിനെ ശ്രേഷ്ഠ ബാവായിലേക്കു വളര് ത്തിയത്. ബാവായുടെ അപ്പന്റെ സഹോദര പുത്രന് സി. വി. എബ്രഹാം അച്ചന് അന്ന് ദയറാപട്ടം സ്വീകരിച്ച് മലേക്കുരിശില് സ്ഥിരതാമസമായിരുന്നു. അവിടെപ്പോയി കുഞ്ഞൂഞ്ഞ് ധ്യാനിച്ചിരിക്കും. വലിയ ഒരു മാറ്റത്തിന്റെ തുടക്കം. എന്നില് ഉണ്ടാക്കിയ മാറ്റങ്ങള് എല്ലാം ഞാന് തിരിച്ചറിയുകയായിരുന്നു. എന്റെ ആരോഗ്യം മെച്ചപ്പെട്ടു. അതുവരെ എനിക്കില്ല എന്നു ഞാന് കരുതിയിരുന്ന

എന്തൊക്കെയൊ എനിക്ക് ലഭിച്ചതായി അനുഭവപ്പെടാന് തുടങ്ങി. ചെറുപ്പത്തില് മോഹാലസ്യപ്പെട്ട് അടുക്കളയിലെ തീയില് വീണ് കഴുത്തിലും നെറ്റിയിലും ഉണ്ടായ വികൃതമായ വടുക്കള് പാടെ അപ്രത്യക്ഷമായി. എന്റെ ജീവിതത്തിലെ ദൈവത്തിന്റെ ഇടപെടല് ഞാന് വീണ്ടും തിരിച്ചറിയുകയായിരുന്നു. ഉഗ്രമായ ദൈവവിളിയും എനിക്ക് അനുഭവപ്പെട്ടു . തന്റെ പൗരോഹിത്യ ജീവിതത്തെപ്പറ്റി ബാവ പറയുന്നത് ഇങ്ങനെയാണ്: 1958ല് ഭദ്രാസന മെത്രാപ്പോലീത്ത എന്റെ കയ്യില് ഒരു എഴുത്തു തന്നു. ഇതുമായി മഞ്ഞനിക്കരയില് മോര് യൂലിയോസ് ബാവായ കാണണമെന്ന് പറഞ്ഞു. അവിടെ പഠനം പൂര് ത്തിയാക്കി വൈദിക പട്ടം ബാവായില് നിന്ന് വാങ്ങിപ്പോരാനാണ് തിരുമേനി പറഞ്ഞത്. ഞാന് പരിഭ്രമിച്ചു പോയി. ഒരു നല്ല കുപ്പായം തയ്ക്കാനുള്ള പണം ഇല്ല. യാത്രയ്ക്ക് ഒരു പെട്ടി പോലുമില്ല. അവസാനം വിലകുറഞ്ഞ കോറത്തുണികൊണ്ട് ഒരു കമ്മീസ് തയ്പ്പിച്ചു. അതു ചാണകപ്പാലില് പുഴുങ്ങി. നീലം മുക്കി എടുത്തു. എന്നിട്ട് ഒരു ഭംഗിയും വന്നില്ല. ഒരു ബന്ധുവിന്റെ കോഴിക്കൂടിന്റെ മുകളില് തള്ളിക്കളഞ്ഞിരുന്ന ട്രങ്ക് പെട്ടി എനിക്കു കിട്ടി. അതു തുടച്ചെടുത്തു വസ്ത്രങ്ങളും പുസ്തകങ്ങളും അതില് വച്ച് യാത്ര തിരിച്ചു. ഓമല്ലൂരില് ബസിറങ്ങി കുന്നിറങ്ങി മഞ്ഞനിക്കരയില് എത്തി. അവിടുത്തെ വൈദിക വിദ്യാര് ത്ഥികള് എന്റെ ചുറ്റുംകൂടി. കുപ്പായത്തിന്റെ നിറവും പെട്ടിയുടെ അവസ്ഥയും അവരെ ആകര് ഷിച്ചു. എന്റെ പിറകില് നിന്ന് അവര് പിറുപിറുത്തു. ദേണ്ടേ ഒരു കാടന് വരുന്നു. വടക്കനാണെന്നു തോന്നുന്നു. മരുന്ന് കച്ചവടക്കാരന്റെ പെട്ടിയും ഉണ്ട്. ഞാന് ഒന്നും മറുപടി പറഞ്ഞില്ല. പരി. ഏലിയാസ് പാത്രിയര് ക്കീസ് ബാവായുടെ കബറിങ്കല് ചെന്ന് മുട്ടുകുത്തി അല്പനേരം കരഞ്ഞു പ്രാര് ത്ഥിച്ചു. പിന്നീട് മോര് യൂലിയോസ് ബാവായെ കത്ത് ഏല് പ്പിച്ചു.

എന്റെ സുറിയാനി പഠനം പരിശോധിച്ചു. ശേഷിച്ച പഠനങ്ങള് നടത്തി; എന്നെ വൈദികനായി അഭിഷേകം ചെയ്തു.

ഒന്നുമില്ലായ്മയില് നിന്ന് യാക്കോബായ സഭയെ ഇന്നു കാണുന്ന വിധം വളര് ത്തിയത് ബാവായാണ്. പുത്തന് കുരിശില് സ്വന്തമായി ആസ്ഥാനമുണ്ടായി. പാത്രിയര് ക്കീസ് ബാവായ്ക്ക് സഭാ പാരമ്പര്യമനുസരിച്ചുള്ള എല്ലാ അവകാശ അധികാരങ്ങളും നല് കി 2002ല് സഭാഭരണഘടന പരിഷ് കരിച്ചു. നൂറുകണക്കിന് പള്ളികള് സ്ഥാപിച്ചു. ആയിരത്തോളം പുരോഹിതരെ വാഴിച്ചു. കോതമംഗലം മോര് ബസേലിയോസ് ആശുപത്രി, പിറവം ബി. പി. സി. കോളജ്, ചേലാട് ദന്തല് കോളജ്, പുത്തന് കുരിശ് സെന്റ് തോമസ് കോളജ്, പുത്തന് കുരിശ് ബി. എഡ്. കോളജ്, പുത്തന് കുരിശ് മാര് അത്താനേഷ്യസ് സ് കൂള് , പട്ടിമറ്റം മോര് കൂറിലോസ് സ് കൂള് , കോതമംഗലത്ത് ഭദ്രാസന അരമന, കോണ് വെന്റുകള് തുടങ്ങി നിരവധി സ്ഥാപനങ്ങള് . കോലഞ്ചേരി മെഡിക്കല് കോളജിനു തുടക്കം കുറിച്ചതും ഈ കരങ്ങള് തന്നെ. സമകാലിക വിഷയങ്ങളില് ശ്രേഷ്ഠ ബാവായ്ക്ക് കൃത്യമായ നിലപാടുകള് ഉണ്ട്. സഭയുടെ വിശ്വാസ പ്രമാണങ്ങള് ക്ക് അനുസൃതമായി ആരുമായും സംസര് ഗം പുലര് ത്തുന്നതിനു ബാവ സഭയെ സജ്ജമാക്കി. അത് കൊണ്ട് തന്നെ സഭയെ ആരുമായും അനുരഞ്ജനപ്പെടാനുള്ള വേദിയാക്കണം എന്ന ആശയം ബാവ ഉയര് ത്തുന്നുണ്ട്. പക്ഷെ വിശ്വാസപാരമ്പര്യവും, കേരള സഭയുടെ തനിമയും നഷ്ടപ്പെടുത്താതെ മാത്രം. പൂര് വപിതാക്കന്മാര് വിശ്വസിച്ച് ഏല് പ്പിച്ച പാരമ്പര്യങ്ങളും പ്രമാണങ്ങളും എല്ലാം മായം ചേര് ക്കപ്പെടാതെ പരിപാലിക്കുന്നതു മലങ്കര യാക്കോബായ സഭയാണ്. അന്ത്യോഖ്യായുടെ ശ്ലൈഹീക പാരമ്പര്യവും പരി. പാത്രിയര് ക്കീസ് ബാവയോടുള്ള വിധേയത്വവും അഭംഗുരം തുടരുമെന്ന് പറയാനും സഭയുടെ ഇടയനു തെല്ലും മടിയില്ല പത്രോസിനെ പോലെ ഉറച്ച ഒരു പാറയാണ് യാക്കോബായ സഭയ്ക്ക് ഈ പിതാവ്. 87 മത് വയസിലും ചുറുചുറുക്കോടെ ലോകമെമ്പാടുമുള്ള സഭാമക്കളെ ദൈവികശക്തിയില് ഉറപ്പിച്ചു നിര് ത്താന് പരിശ്രമിക്കുന്ന ശ്രേഷ്ഠബാവ ചുമതലകള് മറ്റുള്ളവര് ക്കായി നല് കാന് കാത്തിരിപ്പാണ്. അദ്ദേഹം പറയുന്നു. കഴിഞ്ഞ ഏതാനും വര് ഷങ്ങളായി ഞാന് പലവട്ടം

സുന്നഹദോസിലും മാനേജിംഗ് കമ്മിറ്റിയിലും അസോസിയേഷനിലും പറയുന്നതാണ് എന്നെ മാറാന് അനുവദിക്കണമെന്ന്. അവരാരും അതു ചെവിക്കൊണ്ട മട്ടു കാണിക്കുന്നില്ല. സഭയ്ക്കിപ്പോള് എല്ലാ കെട്ടുറപ്പോടെയും മുന്നോട്ടു പോകാന് പ്രാപ്തിയായി. അതിനു ദൈവം എന്നെ ഒരു ഉപകരണമാക്കി എന്നു മാത്രം. ഇതെന്റെ മാത്രം നേട്ടമായി പറയുന്നവരോട് എനിക്ക് മറുപടിയില്ല. കൂടുതല് നേരം പ്രാര് ത്ഥനയ്ക്കും സുവിശേഷ വേലയ്ക്കുമായി മാറ്റിവയ്ക്കാനാണ് ഞാന് ആഗ്രഹിക്കുന്നത് സഭയെ ആധുനീക കാലത്തെ വെല്ലുവിളികളെ അതിജീവിക്കാന് സഹായിച്ച മഹാരഥന് മാരില് ഒന്നാമന് ആരാണെന്ന ചോദ്യത്തിന് സഭാ മക്കള് ഉത്തരം പറയുന്നതും മറ്റാരുടേതും ആവില്ലെന്ന് ഉറപ്പാണ്. അത്ര മാത്രമുണ്ട് ആബൂന് മോര് ബസേലിയോസ് തോമസ് പ്രഥമന് ബാവയും യാക്കോബായ സഭയിലെ ഓരോ മക്കളും തമ്മിലുള്ള ബന്ധം ജീവിക്കുന്നത് ഏതു ദേശത്തായാലും സഭയുടെ വിശ്വാസപാരമ്പര്യങ്ങളെയും തനിമയും മുറുകെ പിടിച്ചു ജീവിക്കാന് സഭാമക്കളെ ഓരോ നിമിഷവും ഒരുക്കുകയാണ് ഈ ശ്രേഷ്ഠ പിതാവ്. ഇന്നലെ ഡബ്ലിന് സ്മിത്ത് ഫീല് ഡിലെ സെന്റ് ഗ്രീഗോറിയോസ് പള്ളിയിലും വൈകിട്ട് വാട്ടര് ഫോര് ഡിലെ സെ. പാട്രിക് ദേവാലയത്തിലും ശ്രേഷ്ഠബാവ വിശുദ്ധ കുര് ബ്ബാന അര് പ്പിച്ചപ്പോള് അയര് ലണ്ടിലെ സഭാ സമൂഹവും ശ്രേഷ്ഠബാവയോടൊപ്പം സ്വര് ഗത്തോട് ചോദിച്ച പ്രാര് ഥന അത് തന്നെയാവും. അഭിവന്ദ്യ കാതോലിക്കാ ബാവയ്ക്ക് പിറന്നാള് മംഗളങ്ങള് .

(ബാവായുടെ അയർലണ്ട് സന്ദർശനവും 87 അം ജന്മദിനാഘോഷവും പ്രമാണിച്ച് അയർലണ്ടിലെ പ്രമുഖ ഓൺലൈൻ പത്രമായ ഐറിഷ് മലയാളിയിൽ പ്രസിദ്ധീകരിച്ച ലേഖനം. )

**Courtesy www.irishmalayali.com**




ഡബ്ലിൻ. മലേക്കുരിശിൽ കബറടങ്ങിയിരിക്കുന്ന, കിഴക്കിന്റെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായിരുന്ന, പുണ്യശ്ലോകനായ ആബൂൻ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയുടേയും, മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന, പരി. അന്ത്യോഖ്യ സിംഹാസന പ്രതിനിധിയായിരുന്ന, പരി. യൂയാക്കീം മോർ കൂറിലോസ് ബാവായുടേയും സംയുക്ത ഓർമ്മപ്പെരുന്നാൾ ഡബ്ലിൻ സെന്റ് ഗ്രീഗോറിയോസ് യാക്കോബായ സുറിയാനി പള്ളിയിൽ ഓഗസ്റ്റ് മാസം മുപ്പതാം തീയതി ഞായറാഴ്ച സമുചിതമായി ആചരിച്ചു.

.—————————-



# ONAM 2015

ഡബ്ലിൻ യാക്കോബായ പള്ളിയിലെ അസോസിയേഷന്റെയും വനിതാസമാജത്തിന്റെ യും ആഭിമുഖ്യത്തിൽ നടത്തിയ ഓണാഘോഷം വർണാഭമായി.

പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച പരിപാടികൾ വ്യത്സ്തമായ കലാപരിപാടികളോടെ ഓണത്തിന്റെ ഓർമ്മകൾ പുതുക്കി. ബഹു. വികാരി ജോബിമോൻ സ്കറിയ ഓണാശംസകൾ അറിയിച്ചു.

വിഭവ സമൃദ്ധമായ ഓണസദ്യക്ക് ശേഷം നടത്തിയ കായിക മത്സരങ്ങൾ കുട്ടികൾക്കും മുതിർന്നവർക്കും ആവേശം പകർന്നു.

# *Bicycle Pilgrimage to Knock Shrine*

**Under the leadership of St.Gregorios Youth Association of our church, we conducted a Bicycle Pilgrimage to Knock Shrine on Friday September 4, 2015.**

**The event was flagged off by Rev. Fr. Thomas Puthiyamadathil on Friday September 4th at 5:00 AM after the Morning prayer at the Church. "Holy Sleebha" for the Mass at Knock Church was processioned from Dublin church with the Bicycle Pilgrimage team.**

**Participents : Binu Varghese, Jain Jacob, Jojan Elias, Saju Varghese, Jinesh John, Sherin Chandy, Anub Biju, Akash Jaji, Noel Salim, Shabu Paul .**









# *Annual pilgrimage to Knock Shrine*

**On 5th of September 2015 ,we had our annual pilgrimage to Knock Shrine,Co.Mayo. Dublin church arranged a Dublin Coach bus with 81 passengers for the pilgrimage. Bus from church started at 7.30 AM from Phibsborough and reached Knock Shrine by 10.50 AM.**

**Pilgrimage and Holy mass was lead by HG Mathews Mor Aphrem of Perumbavoor region of Angamaly Diocese and assisted by Rev Fr Abraham Paruthikunnel, Ref Fr Thomas Puthiyamadathil, Rev Fr Jobbymon Skaria**

**Around 300 pilgrims attended the Holy Mass.**






**Our Sunday school was re-opened on 13th September 2015. The Sunday school teachers meeting selected Mr Jojan P Ealias as the Sunday School Head master and Mr Jobis Skaria as the Sunday School Secretary . We wish them and all our teachers all the wishes to lead and teach our youngsters the Christian way.**

—————————————————-



Birthday Wishes to Amma & Merinkutty ... From Ann and Aron



Many Many Happy Returns of the day Dear Neha

# BIRTHDAYS CELEBRATED IN SEPTEMBER



NEETHU SUSAN MATHEW

MANJU K MATHEW

EVANGELINE MARY BIJU

SABU JOHN

SAJU GEORGE

AIDAN BENNET MATHEW

JAIN JACOB

MERIN KURIAKOSE

NEHA SAIJU

JESWIN ELDHO

SONY JAIJAO

JEWEL THOMAS PALACHATHADATHIL

SAIBU PHILIP

SHARON CHERIAN

ANU KURIAN

BASIL JACOB

SHELBI CHERUPURATH BABY

BEENA ABRAHAM

SUJA K GEORGE

GIJU PAULOSE

TILS BABY

JESBIN JAI

NIJU PUNNOOSE

ELBIN SAJU

## MANY MANY HAPPY RETURNS OF THE DAY

# ANNIVERSARIES CELEBRATED IN SEPTEMBER

ANISH THOMAS JOHN & SOUMYA K JOY

SHIMAJ C GEORGE & SHINA LAL

PRINCE KURIAKOSE & BOBBY KURIAKOSE

RENJITH VARKEY & ANU RENJITH

DELMON POULOSE & ANCY JOHN

LIDY THAMPI GEORGE & ASWATHY LIDY GEORGE

ELDHO P. THOMAS & MANJU JOSEPH

ALL OF US IN YOUR CHURCH WISH YOU A HAPPY ANNIVERSARY

# Notice


അയലണ്ടിലെ നമ്മുടെ ദൈവാലയങ്ങളിലെ ശുശ്രൂഷകൾ ഏകീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കി നടത്തുന്നതിനുമായി 10/10/2015 ശനിയാഴ്ച സ്വോഡ്സ് സെന്റ് .ഇഗ്നേഷ്യസ് യാക്കോബായ സുറിയാനി പള്ളിയിൽ വെച്ച് വി .കുർബ്ബാനാനന്തരം ഒരു പഠന പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. അഭി .യുഹാനോൻ മോർ മിലിത്തിയോസ് തിരുമനസിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പ്രസ്തുത ക്ലാസ്സിൽ എല്ലാ ഇടവകകളിലും ഉള്ള ദൈവാലയ ശുശ്രുഷകർ വന്നു സംബന്ധിച്ച് പ്രയോജനപ്പെടുത്തുവാൻ ഓർമ്മിപ്പിക്കുന്നു.

## Vanitha Samajam Chain prayer

**Every first Friday of the month from 6:00 to 24 hrs.**

**Please email gregorianvoice@gmail.com with your suggestions and comments.**

**Kids Corner : Coloring page**



# Prayer meetings in September

**01/09/2015- Tuesday**

Residence of Saju Daniel
Mobile : 0873215978
12B, Shanthala RD,
Beaumont
Dublin 9
Navigation link : https://goo.gl/maps/mB0uA

**02/09/2015- Wednesday**

Residence of Kooran Cherian Sunny,
Mobile : 0871249009
59, Trimbleston,
Goatstown,
Dublin 14
Navigation link : https://goo.gl/maps/c9xGR

**03/09/2015 - Thursday**

Residence of Joby Andrews
Mobile : 0879948186
22, Les Buissonnets Apts,
Sweetmans Ave,
Blackrock,
Navigation link : https://goo.gl/maps/jB1gY

**04/09/2015 - Friday**

Residence of Bibin George,
Mobile : 0879738297
49 Annagh Court,
Watervilla
Dublin-15.
Navigation link : https://goo.gl/maps/d73qh

05/09/2015 - Saturday
Knock Church

06/09/2015 - Sunday
Our Church

**07/09/2015 - Monday**

Residence of Binu B Anthinattu,
Mobile : 0877517155
76,Lanesborough Court,
ST Margrets Rd,
Finglas
Navigation link : https://goo.gl/maps/fe3Bz

**08/09/2015 - Tuesday**

Residence of Salim Mathew
Mobile : 0894400489
26 Liffy Glen,
Liffy Valley Park,
Lucan
Navigation link : https://goo.gl/maps/wvzi2

**18/09/2015 Friday**

**Prince Kuriakose**

**#49 Melville View,**
**Cityside,**
**Dublin 11**



**Birthday wishes to my dear brother Aidan...**

**From Amy**

# യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭ

## അയർലണ്ട്

# കുടുംബസംഗമം 2015

**2015 സെപ്റ്റംബർ 25, 26, 27**

**സെന്റ് വിൻസെന്റ്സ് കാസിൽനോക്ക് കോളേജ്, ഡബ്ലിൻ 15**

വി. കുർബാന, ധ്യാനം, കുടുംബ നവീകരണ ക്ലാസ്സുകൾ,
കുട്ടികൾക്കും യുവജനങ്ങൾക്കും പ്രത്യേകം ക്ലാസ്സുകൾ, സംഗീത വാദ്യോപകരണ മേള, കലാപരിപാടികൾ

